10 (*266) അനാഥ തെരുവുകുട്ടികളുടെ പുനരധിവാസം

ശ്രീ. ലോനപ്പൻ നമ്പാടൻ :

ശ്രീ. വി.കെ. ചന്ദ്രൻ :

ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അനാഥരായ തെരുവു കുട്ടികളെ പുനരധിവസിപ്പിക്കുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ബാല്യത്തിൽ തന്നെ വീട്ടിൽനിന്നും ഒളിച്ചോടി പലസ്ഥലത്തും അലഞ്ഞ് തിരിഞ്ഞ് നടക്കുന്നകുട്ടികളെ സംബന്ധിച്ച് എന്തെങ്കിലും സർവ്വേ നടത്തിയിട്ടുണ്ടോ;

(സി) അനാഥ തെരുവുകുട്ടികളെ കണ്ടുപിടിച്ച് അവരെ പാർപ്പിക്കുന്നതിന് ബാലഭവനുകൾ സ്ഥാപിക്കുമോ;

(ഡി) ഇവർക്ക് സ്കൂൾ വിദ്യാഭ്യാസത്തിന് ആവശ്യമായ സൗകര്യങ്ങൾ ചെയ്തു കൊടുക്കുമോ;

(ഇ) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് തുടങ്ങിയ നഗരങ്ങളിൽ അലഞ്ഞുതിരിഞ്ഞ് നടക്കുന്ന കുട്ടികളെ കണ്ടുപിടിച്ച് പാർപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ;

(എഫ്) ഇത്തരം കുട്ടികളുടെ സംരക്ഷണം സർക്കാർതന്നെ നേരിട്ട് ഏറ്റെടുക്കുന്നതിന് ആവശ്യമായ പദ്ധതി നടപ്പാക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) അനാഥരായ തെരുവുകുട്ടികളുടെ പുനരധിവാസത്തിന് സർക്കാർ തലത്തിൽ പുതിയ പദ്ധതികളൊന്നും ഇപ്പോൾ പരിഗണനയിൽ ഇല്ല.

(ബി) സാമൂഹ്യക്ഷേമ വകുപ്പ് നടത്തിയിട്ടില്ല.

(സി)&(ഡി) അനാഥരായി തെരുവുകളിൽ അലഞ്ഞുതിരിഞ്ഞും യാചിച്ചും ജീവിക്കുന്ന കുട്ടികളെ പോലീസ് പിടിച്ച് ജുവൈനൽ ഹോമുകളിൽ ഏൽപ്പിക്കുന്നുണ്ട്. ബാലനീതി നിയമത്തിൽ വ്യവസ്ഥ ചെയ്യുന്ന പ്രകാരം ഇവരുടെ സംരക്ഷണ ചുമതല സാമൂഹ്യക്ഷേമ വകുപ്പിനാണ്. ഇതിനായി ബാലഭവനുകളും പ്രത്യേക ഭവനുകളും സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്. ഇവരുടെ എസ്.എസ്.എൽ.സി. വരെയുള്ള വിദ്യാഭ്യാസ കാര്യങ്ങൾ വകുപ്പ് ഇപ്പോൾ ചെയ്യുന്നുണ്ട്.

(ഇ)&(എഫ്) നഗര പ്രദേശങ്ങളിൽ അലഞ്ഞു നടക്കുന്ന കുട്ടികൾ മിക്കവരും അന്യസംസ്ഥാനങ്ങളിൽ നിന്നും നാടോടികളായി വന്നെത്തുന്നവരാണ്. ഈ കുട്ടികളെ പോലീസ് പിടികൂടി ജുവനൈൽ കോടതികളിൽ ഹാജരാക്കിയാൽ ജുവനൈൽ ജസ്റ്റീസ് നിയമ പ്രകാരമുള്ള സംരക്ഷണം ഇവർക്ക് നൽകുന്നുണ്ട്. പക്ഷേ അന്യ സംസ്ഥാനക്കാരായ ഇത്തരം കുട്ടികളുടെ സംരക്ഷണ ചുമതല അതത് സംസ്ഥാനങ്ങൾ തന്നെ ഏറ്റെടുക്കുന്നതായിരിക്കും ഉചിതം.

LIBRARY ARCHIVES Kerala Legislative Assembly